ജി (2) 54344/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 05.01.2015

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 3/2015

വിഷയം : സഹകരണവകുപ്പ് – 35–ാം ദേശീയ ഗെയിംസ് – പ്രചാരണ പ്രവർത്തനങ്ങൾ – സഹകരണ സംഘങ്ങളുടെ പൊതു നന്മാ ഫണ്ട്– തുക അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1) സർക്കാരിൽ നിന്നും ലഭിച്ച 19.11.2014 ലെ 12840/പി.എസ്.1/2014/സഹ. നമ്പർ കത്ത്.
2) സർക്കാരിൽ നിന്നും ലഭിച്ച 20.12.2014 ലെ 12840/പി.എസ്.1/2014/സഹ. നമ്പർ കത്ത്.

.......................

35–ാം ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ 2015 ഫെബ്രുവരി 14 വരെ സംസ്ഥാനത്തെ 7 ജില്ലകളിൽ വിവിധ വേദികളിൽ അരങ്ങേറുകയാണ്. കായികരംഗത്തിനു ഉണർവ്വേകുന്നതിനു വേണ്ടി സംഘടിപ്പിച്ചിരിക്കുന്ന ഈ പരിപാടിയുടെ പ്രചാരണാർത്ഥം ഒരു കോടി ജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് വിവിധ ഭാഗങ്ങളിലായി നടക്കുന്ന **ONE CRORE RUN** പരിപാടിയുടെ വിജയത്തിനു വേണ്ടി സഹകരണ സംഘങ്ങളുടെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാരിൽ നിന്നും നിർദേശം ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56(2) (ഡി) പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതുനന്മാ ഫണ്ടിൽ നിന്നും ഈ സംരംഭത്തിന് സംഭാവന നൽകുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4) എഡിറ്റർ,സഹകരണ വീഥി.
5) വെബ്സൈറ്റ്.
6) സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്).

SP/06.01.2015